പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ .4920

04.07.2012-ൽ മറുപടിക്ക്

## സംയോജിത മത്സ്യവികസന പദ്ധതി

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ. സണ്ണി ജോസഫ്**<br>,, കെ. മുരളീധരൻ<br>,, എ. പി. അബ്ദുള്ളക്കുട്ടി<br>,, വി. റ്റി. ബൽറാം | | **ശ്രീ. കെ.ബാബു**<br>**(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി)** |
| (എ) | സംയോജിത മത്സ്യവികസന പദ്ധതി നടപ്പാക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ ; വിശദാംശം വെളിപ്പെടുത്തുമോ ; | (എ) | എൻ.സി.ഡി.സി.ധനസഹായത്തോടെ **3153.82** ലക്ഷം രൂപ അടങ്കൽ തുകയുള്ള സംയോജിത മത്സ്യ വികസന പദ്ധതി **2011-12,** ഇപ്പോൾ മത്സ്യഫെഡ് നടപ്പാക്കി വരുന്നു. ഇതിന്റെ കാലാവധി **30/06/2013** വരെയാണ്. കൂടാതെ **5174.84** ലക്ഷം രൂപ അടങ്കൽ തുകയുള്ള സംയോജിത മത്സ്യ വികസന പദ്ധതി **2012-13** സർക്കാരിന്റെ പരിഗണനയിലാണ്. |
| (ബി) | പ്രസ്തുത പദ്ധതിയ്ക്ക് ഏതെങ്കിലും ഏജൻസികളുടെ പങ്കാളിത്തം ലഭ്യമാണോ ; എത്ര ശതമാനം ധനസഹായം ഇവരിൽ നിന്ന് ലഭിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ ; | (ബി) | പ്രസ്തുത പദ്ധതി ദേശീയ സഹകരണ വികസന കോർപ്പറേഷൻ (എൻ.സി.ഡി.സി) യുടെ ധനസഹായത്തോടെയാണ് നടപ്പിലാക്കുന്നത്. പദ്ധതി തുകയുടെ **90%** തുക വായ്പയായി എൻ.സി.ഡി.സി-യിൽ നിന്നും സംസ്ഥാന സർക്കാരിന് ലഭിക്കുന്നതാണ്. |
| (സി) | പ്രസ്തുത പദ്ധതി നടപ്പാക്കുക വഴി തീരദേശ മേഖലയിലെ ജീവിത സാഹചര്യം മെച്ചപ്പെട്ടിട്ടുണ്ടോ; വിശദാംശം വെളിപ്പെടുത്തുമോ ? | (സി) | മെച്ചപ്പെട്ടിട്ടുണ്ട്. മത്സ്യത്തൊഴിലാളികൾക്ക് മത്സ്യബന്ധന ഉപകരണങ്ങൾ സ്വന്തമാക്കുന്നതിനാവശ്യമായ വായ്പ, മത്സ്യത്തൊഴിലാളി വനിതകൾക്ക് വിപണനം നടത്തുന്നതിനാവശ്യമായ പ്രവർത്തന മൂലധന വായ്പ,പ്രാഥമിക മത്സ്യത്തൊഴിലാളി സംഘങ്ങൾക്ക് പ്രവർത്തന മൂലധനം,കെട്ടിടം, മറ്റ് സൗകര്യങ്ങൾ എന്നിവയ്ക്ക് ഈ പദ്ധതി വഴി സഹായം ലഭ്യമാക്കിയിട്ടുണ്ട്.<br>ഈ പദ്ധതി മുഖേന തീരദേശ ലേല സമ്പ്രദായം നടപ്പിലാക്കിയത് വഴി |

| | | | |
|---|---|---|---|
| | | | മത്സ്യത്തൊഴിലാളികളെ മധ്യവർത്തികളുടെ ചൂഷണത്തിൽ നിന്നും ഒഴിവാക്കുവാനും മത്സ്യത്തിന്റെ ആദ്യ വിൽപനയിൽ സഹകരണ സംഘങ്ങൾക്ക് നിർണ്ണായക പങ്ക് വഹിക്കുവാനും സാധിച്ചു. കൂടാതെ മത്സ്യത്തൊഴിലാളികൾ പിടിച്ചു കൊണ്ടു വരുന്ന മത്സ്യത്തിന് പരമാവധി വില ലഭിക്കുന്നതിനും സാധിച്ചിട്ടുണ്ട്. ഈ പദ്ധതി പ്രകാരം മത്സ്യബന്ധന ഉപകരണങ്ങൾ വാങ്ങുന്നതിനായി വിലയുടെ 55% വായ്പയായി നൽകുന്നതു വഴി അവരെ ഉപകരണങ്ങളുടെ ഉടമകളാക്കുവാൻ സാധിച്ചു. |

(signature)

സെക്ഷൻ ഓഫീസർ